**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **20-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാധുനിക ലൈബ്രറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെല്ലാം അത്യാധുനിക ലൈബ്രറികളും അതിനോട് അനുബന്ധമായി ഓൺലൈൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആധുനിക രീതിയിലുള്ള ലൈബ്രറികളും അതിനോട് അനുബന്ധമായി ഓൺലൈൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ ലൈബ്രറി സൗകര്യം ലഭ്യമാണ്. കോന്നി, കാസർഗോഡ് എന്നീ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ ആകുമ്പോൾ ലൈബ്രറി സൗകര്യങ്ങളും ഒരുക്കുന്നതാണ്. |
| (ബി) | ഇതേ സംവിധാനങ്ങൾ സർക്കാർ ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിലും ലഭ്യമാണോ; ഇല്ലെങ്കിൽ ഇവ ലഭ്യമാക്കുന്നതിന് നേരിടുന്ന തടസ്സമെന്താണ്; | (ബി) | സഹകരണ മേഖലയിൽ നിന്നും ഏറ്റെടുത്ത എറണാകുളം, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ആധുനിക രീതിയിലുള്ള ലൈബ്രറികളും ഓൺലൈൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഏറ്റെടുത്ത കൊല്ലം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ അത്യാധുനിക ലൈബ്രറിയും ഓൺലൈൻ സെന്ററും പ്രവർത്തിച്ചു വരുന്നു. |
| (സി) | സർക്കാർ ഏറ്റെടുത്ത മെഡിക്കൽ കോളേജുകളിൽ സീനിയർ ഗ്രേഡ് ലൈബ്രേറിയൻ തസ്തിക നിലവില്ലാത്തതിനാലും മറ്റു സർക്കാർ മെഡിക്കൽ കോളേജുകളിലെ പോലത്തെ സ്റ്റാഫ് പാറ്റേൺ ലൈബ്രറി വിഭാഗത്തിനില്ലാത്തതും കാരണം പിന്നോക്കം നിൽക്കുന്ന മെഡിക്കൽ കോളേജുകളിലെ ലൈബ്രറികളെ കൂടി മുൻ നിരയിലെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ? | (സി) | സഹകരണ മേഖലയിൽ നിന്നും സർക്കാർ ഏറ്റെടുത്ത എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ, കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനായി സൃഷ്ടിച്ച തസ്തികകളിൽ '6' ലൈബ്രേറിയൻ ഗ്രേഡ്-IV തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ട്. ടി ജീവനക്കാരുടെ നിയമനം ക്രമീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. ടി നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം മാത്രമേ പ്രസ്തുത വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കണ്ണൂർ സർക്കാർ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജിൽ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്ത ജീവനക്കാരെ അക്കോമഡേറ്റ് ചെയ്യുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ